# HADIA CSE Khutba Notes (22.02.2019)

# സ്നേഹമുള്ള വീട്

സ്നേഹമുള്ള വീട് എല്ലാവരുടെയും സ്വപ്നമാണ്. അത് യാഥാർഥ്യമാക്കാനുള്ള എളുപ്പവഴിയായി വിനോദയാത്രകളും ഷോപ്പിംഗുകളുമാണ് പലരും തെരഞ്ഞെടുക്കുന്നത്. പാർക്കുകളിൽ ഒരുമിച്ചിരുന്നും തമാശകൾ പറഞ്ഞും കളിച്ചും ചിരിച്ചും ഒരുമിച്ചു ഭക്ഷണം കഴിച്ചും വർഷത്തിൽ ഒരു ദിവസമെങ്കിലും ചെലവഴിക്കാൻ ആഗ്രഹിക്കാത്തവരുണ്ടാവില്ല. ചിലർ സിനിമയോ മ്യൂസിക്ക്ഷോയോ മറ്റു അനാവശ്യങ്ങളോ ആസ്വദിച്ചുകൊണ്ടാണ് സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്നത്.

എന്നാൽ ശാശ്വതമായ സ്നേഹവീടിനെക്കുറിച്ച് വിശുദ്ധ ഖുർആൻ സൂറത്തുത്ഥ്വൂറിൽ (17-28 സൂക്തങ്ങളിൽ) പറയുന്നുണ്ട്. വിശുദ്ധ സ്വർഗമാണ് ആ വീട്. നിരയായി വിന്യസിക്കപ്പെട്ട കട്ടിലുകൾ, സന്തോഷങ്ങൾ പൂത്തുലഞ്ഞുനിൽക്കുന്ന പൂന്തോപ്പുകൾ, സ്നേഹമൊഴുകുന്ന അരുവികൾ, മുഖാമുഖമിരുന്നുള്ള കഥ പറച്ചിലുകൾ, മുത്തുകളെപ്പോലെ ചുറ്റും ഓടിച്ചാടി നടക്കുന്ന കുഞ്ഞുമക്കൾ തുടങ്ങിയവയാണ് അവിടത്തെ ആനന്ദങ്ങൾ.

സ്വർഗമെന്ന ആ സ്നേഹവീട് നമുക്ക് ലഭിക്കുമോ? അത് ലഭിക്കണമെങ്കിൽ മുത്തഖീങ്ങളാകണം. അവർക്കു വേണ്ടി അണിയിച്ചൊരുക്കിയതാണത്. ഞങ്ങൾ ദുൻയാവിലായിരുന്നപ്പോൾ അല്ലാഹുവിനെ പേടിക്കുന്നവരായിരുന്നുവെന്നും അതിന്റെ പ്രതിഫലമാണ് ഇപ്പോൾ ആസ്വദിക്കുന്നതെന്നും സ്വർഗലബ്ധിക്കു ശേഷം അവിടത്തുകാർ പറയുമെന്നും ഖുർആനിലുണ്ട്.

قَالُوا إِنَّا كُنَّا قَبْلُ فِي أَهْلِنَا مُشْفِقِينَ،
فَمَنَّ اللَّهُ عَلَيْنَا وَوَقَانَا عَذَابَ السَّمُومِ،
إِنَّا كُنَّا مِنْ قَبْلُ نَدْعُوهُ إِنَّهُ هُوَ الْبَرُّ الرَّحِيمُ (سورة الطور 28-26)

ശാശ്വതമായ സ്നേഹം വഴിഞ്ഞൊഴുകുന്ന സ്വർഗം ലഭിക്കണമെങ്കിൽ നാം മാത്രമല്ല, വീടും കുടുംബവും നന്നാവണം. എല്ലാവരും അല്ലാഹുവിനെ ഭയപ്പെടുകയും തിന്മകളിൽ നിന്ന് വിട്ടുനിൽക്കുകയും വേണം. മക്കളുടെ ഇഷ്ടപ്രകാരം ഹറാമുകൾ അനുവദിക്കുന്ന ശൈലി ഒഴിവാക്കണം.

നമ്മുടെ വീടുകൾ സമാധാനത്തിന്റെ ഇടങ്ങളാകണം. സ്വർഗലോകത്തിന്റെ ഭൂമിയിലെ മാതൃകകളായി അവ പരിലസിക്കണം. അതു തന്നെയാണ് ഖുർആന്റെ താൽപര്യവും. മനുഷ്യൻ താമസിക്കുന്ന പല സ്ഥലങ്ങളെക്കുറിച്ചും സമാധാനത്തിന്റെ ഇടമെന്നാണ് ഖുർആൻ പരിചയപ്പെടുത്തിയത്. വീടിന് മസ്കൻ (സൂറത്തുത്തൗബ 24) എന്ന പദമാണ് പ്രയോഗിച്ചത്. സകീനത്ത്- സമാധാനം കളിയാടുന്ന സ്ഥലമെന്നർഥം. ഗർഭപാത്രത്തെക്കുറിച്ചും (സുറത്തുൽ മുഅ്മിനൂൻ 13) ഭൂമിയെക്കുറിച്ചും (സുറത്തുൽ ഗാഫിർ 64) ഖറാർ എന്ന് ഉപയോഗിച്ചതു കാണാം. സുറത്തുൽ ഗാഫിർ 39 ൽ സ്വർഗത്തെക്കുറിച്ചു പറയാൻ അല്ലാഹു പ്രയോഗിച്ച പദമാണത്. സുരക്ഷിത സ്ഥലം എന്നാണ് അതിന്റെ അർഥം. സമാധാനവും സ്നേഹവും കളിയാടുമ്പോഴാണ് അത് സുരക്ഷിത സ്ഥാനമാകുന്നത്.

നല്ല ഭാര്യയും മക്കളുമുണ്ടാകലും അവരോട് നല്ല നിലയിൽ പെരുമാറലും പുണ്യമാണ്. മനുഷ്യന്റെ വിജയത്തിന്റെ കാരണങ്ങളായി തിരുനബി എണ്ണിപ്പറഞ്ഞ 4 കാര്യങ്ങൾ സച്ചരിതയായ ഭാര്യയും വിശാലമായ വീടും നല്ല അയൽവാസിയും മികച്ച വാഹനവുമാണ്.

عن سعد بن أبي وقاص رضي الله عنه عن رسول الله صلى الله عليه وسلم قال: أربع من السعادة : المرأة الصالحة ، والمسكن الواسع ، والجار الصالح ، والمركب الهنيء (مسند أحمد 1448)

ഇസ്‌ലാം വീടിനെ പള്ളിയോട് തുലനം ചെയ്ത് പ്രത്യേകം പരിഗണിച്ചതായി നബിവചനങ്ങളിൽ നിന്ന് മനസ്സിലാക്കാം. ജാമിഉസ്സ്വഗീറിൽ കാണാം:

مشيك في المسجد وايصرافك إلى أهلك في الأجر سواء

പള്ളിയിലേക്ക് പുറപ്പെടലും വീട്ടിലേക്ക് തിരിച്ചുനടക്കലും പ്രതിഫലത്തിൽ തുല്യമാണ്.

പള്ളിയിൽ പ്രവേശിക്കുമ്പോൾ വലതുകാലും പുറത്തിറങ്ങുമ്പോൾ ഇടതുകാലും മുന്തിക്കൽ സുന്നത്താണല്ലോ. അതുതന്നെയാണ് വീട്ടിൽ കയറുമ്പോഴും പുറത്തിറങ്ങുമ്പോഴും ചെയ്യേണ്ടതും. പുറപ്പെടുന്നത് ഹജ്ജിനാണെങ്കിൽ പോലും വീട്ടിൽ നിന്നിറങ്ങേണ്ടത് ഇട

തുകാൽ മുന്തിച്ചുകൊണ്ടാകണം. പള്ളിയിൽ കയറുമ്പോഴും വീട്ടിൽ കയറുമ്പോഴും ബിസ്മി ചൊല്ലണം. പള്ളിയിലെന്ന പോലെ വീട്ടിൽ വച്ചും നിസ്കരിക്കണമെന്ന നിർദേശം പല ഹദീസുകളിലും കാണാം.

عن عبد الله بن عمر رضي الله عنهما عن النبي صلى الله عليه وسلم قال: اجْعَلُوا مِنْ صَلَاتِكُمْ فِي بُيُوتِكُمْ وَلَا تَتَّخِذُوهَا قُبُورًا (متفق عليه)

പവിത്രതയുടെയും സുരക്ഷിതത്വത്തിന്റെയും കാര്യത്തിൽ പള്ളിയെ പോലെയാകണം വീടും. അവിടെ അല്ലാഹുവിന് തൃപ്തിയില്ലാത്ത ഒന്നും ഉണ്ടാകരുത്.
പരിപാലനത്തിന്റെ കാര്യത്തിലും വീട് പള്ളിയോട് സമീകരിക്കപ്പെട്ടിട്ടുണ്ട്. മഫാത്തിഹുൽ ജിനാൻ എന്ന ഗ്രന്ഥത്തിൽ കാണാം:

قال النبي صلى الله عليه وسلم: من كان يخدم في البيت ولا يأنف كتب اسمه في ديوان الشهداء، وآتاه الله في كل يوم وليلة ثواب ألف شهيد، وله بكل قدم حجة وعمرة، وأعطاء بكل عرق في جسده المدينة
വീട്ടുവേല ചെയ്യുന്നവർക്ക് ശുഹദാക്കളുടെ പ്രതിഫലമുണ്ടെന്നും അവരൊഴുക്കുന്ന ഓരോ തുള്ളി വിയർപ്പിനും പകരമായി സ്വർഗത്തിൽ പട്ടണങ്ങൾ നൽകപ്പെടുമെന്നും സാരം.

അദബുന്നിസാഇൽ കാണാം:

من لاعب زوجته كتب الله له عشرين حسنة ومحا عنه عشرين سيئة، وإذا أخذ بيدها كتب الله له أربعين حسنة ومحا عنه أربعين سيئة
ഭാര്യയുടെ കൂടെ കളിക്കുന്നയാൾക്ക് അല്ലാഹു 20 പുണ്യങ്ങൾ നൽകുകയും 20 തിന്മകൾ പൊറുത്തുകൊടുക്കുകയും ചെയ്യും. അയാൾ ഭാര്യയുടെ കൈപിടിച്ചാൽ 40 പുണ്യങ്ങൾ നൽകുകയും 40 തിന്മകൾ പൊറുത്തുകൊടുക്കുകയും ചെയ്യും.

ഭാര്യയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുകയും കുളി നിർബന്ധമായാൽ കുളിക്കുകയും ചെയ്ത വ്യക്തിയെ അല്ലാഹു മലക്കുകകളുടെ സമീപം പുകഴ്ത്തിപ്പറയും.

ഒരു അടിമയുടെ മീസാനിൽ ആദ്യമായി തൂക്കുന്നത് അവൻ കുടുംബത്തിനു വേണ്ടി ചെയ്ത കാര്യങ്ങളാണ്.

ഒരാൾ ഭാര്യ സന്താനങ്ങളോട് സംസാരിക്കുന്നതും അവർക്കൊപ്പം ഭക്ഷണം കഴിക്കുന്നതും അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ട കർമങ്ങളാണ്. കുട്ടികളെ ലാളിക്കുന്ന വിഷയത്തിൽ മുൻപന്തിയിലായിരുന്നു തിരുനബി. അഖ്റഅ് ബ്നു ഹാബിസും നബിയും തമ്മിൽ നടന്ന സംഭാഷണം അവരുടെ സ്വഭാവത്തെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. അവിടന്ന് കുതിരയും ഹസനും(റ) ഹുസൈനും(റ) കുതിരപ്പടയാളികളുമായി കളിക്കാറുണ്ടായിരുന്നുവെന്ന് ഹദീസിലുണ്ട്. നിസ്കാര സമയത്തു പോലും കുട്ടികൾ നബിയുടെ ചുമലിൽ കയറി കളിക്കുമായിരുന്നു.

പക്ഷേ, നാം എന്താണ് ചെയ്യാറ്. പത്രം വായിക്കുന്ന സമയത്തു പോലും കുട്ടികളെ അടുക്കാൻ അനുവദിക്കാത്ത എത്ര പേരുണ്ട്.
അത് മാറണം. മാതാപിതാക്കൾ കുട്ടികളെ സ്നേഹിക്കണം. അവരോട് സംസാരിച്ചിരിക്കാൻ സമയം കാണണം. തിരിച്ചും അങ്ങനെയാവണം. മാതാപിതാക്കളോട് സംസാരിച്ചിരിക്കുന്നത് സ്വിറാത്ത് മുറിച്ചുകടക്കുമ്പോൾ പ്രകാശം ലഭിക്കാൻ കാരണമാകും.

വീട്ടിൽ നന്മകൾ വിളഞ്ഞുനിന്നാൽ മരണപ്പെട്ടവർക്കു പോലും അതിന്റെ ഗുണം ലഭിക്കുമെന്ന് തിരുനബി പഠിപ്പിച്ചിട്ടുണ്ട്.

عَنْ أَنَسِ بْنَ مَالِكٍ يَقُولُ قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ أَعْمَالَكُمْ تُعْرَضُ عَلَى أَقَارِبِكُمْ وَعَشَائِرِكُمْ مِنْ الْأَمْوَاتِ فَإِنْ كَانَ خَيْرًا اسْتَبْشَرُوا بِهِ وَإِنْ كَانَ غَيْرَ ذَلِكَ قَالُوا: اللَّهُمَّ لَا تُمِتْهُمْ حَتَّى تَهْدِيَهُمْ كَمَا هَدَيْتَنَا (مسند أحمد).
വീട്ടിൽ നന്മയും സന്തോഷവുമുണ്ടായാൽ മരിച്ചവർക്കും അത് ആസ്വദിക്കാം എന്നർഥം.

**HADIA CSE Khutba Notes (22.02.2019)**

# സ്നേഹമുള്ള വീട്

മക്കൾക്കു മുന്നിൽ മാതൃകായോഗ്യമായ ജീവിതം നയിക്കാൻ ബാധ്യസ്ഥരാണ് മാതാപിതാക്കൾ.
അവരെ അദബ് പഠിപ്പിക്കലാണ് മാതാപിതാക്കൾ ചെയ്യുന്ന ഏറ്റവും വലിയ നന്മയെന്നർഥം.

അദബോയെയും മതബോധത്തോടെയും വളരുന്ന മക്കളേ ആഖിറത്തിൽ ഉപകാരപ്പെടൂ. മക്കളും സമ്പാദ്യങ്ങളും അലങ്കാരമാണെന്ന് ഖുർആൻ
(المال والبنون زينة الحياة الدنيا- الكهف 46) പറയുന്നത് അദബുള്ളവരെക്കുറിച്ചാണ്. അദബില്ലാത്ത മക്കൾ ചലിക്കാത്ത വാച്ചു പോലെ നിഷ്ഫലമാണ്. ചലിക്കാത്ത വാച്ച് സുന്ദരമായതുകൊണ്ട് ആർക്കാണ് ഉപകാരം.

ആഖിറത്തിൽ ഉപകാരപ്പെടുന്ന, കൺകുളിർമയാകുന്ന മക്കളായി അവർ മാറണമെങ്കിൽ അവരെ നല്ല നിലക്ക് വളർത്തണം. ജീവിതത്തിരക്കുകൾക്കിടയിലും അവരെ പരിഗണിക്കാനും സ്നേഹം കൈമാറാനും നേർവഴി കാണിക്കാനും നമുക്ക് കഴിയണം. അല്ലെങ്കിൽ നമ്മുടെ അധ്വാനങ്ങളെല്ലാം നിഷ്ഫലമാകും. പരിഗണനയും സ്നേഹവും ലഭിക്കുന്ന വഴികൾ തേടി അവർ പുറത്തിറങ്ങും. നേരും നന്മയും നോക്കാതെ സൗഹൃദത്തിന്റെ പുതിയ മേച്ചിൽപുറങ്ങൾ തേടി അവർ യാത്രയാകും. അതുകൊണ്ട്, ചെയ്യുന്നത് പുണ്യകർമമാണെന്ന ഉത്തമബോധത്തോടെ സ്നേഹമുള്ള വീട് പടുത്തുയർത്താൻ നാം ശ്രമിക്കണം.

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**